(ഇ) ശ്രീനാരായണ ഗുരുദേവ പഠനകേന്ദ്രത്തിന് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുമോ?

ഉത്തരം

(എ—എഫ്) ചെമ്പഴന്തി ആസ്ഥാനമാക്കി ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം തുടങ്ങുന്നതിലേയ്ക്കായി രൂപീകരിച്ച ജനറൽ കൗൺസിൽ 17-8-2002-ൽ യോഗം ചേർന്നു. പഠനകേന്ദ്രം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കും സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിലേയ്ക്കും ഒരു പുതിയ സംവിധാനം ഉണ്ടാക്കുന്നതിനായി നിലവിലുള്ള സമിതിയെ പിരിച്ചുവിട്ടുകൊണ്ട് ഒരു പുതിയ ഭരണസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 12-11-2002-ലെ സർക്കാർ ഉത്തരവ് (കൈ) 40/02/സിഎഡി പ്രകാരം പഴയ ഭരണസമിതി പിരിച്ചുവിടുകയുണ്ടായി. ഈ പദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങുകയോ പ്രവർത്തനത്തിന് പ്രത്യേക തുക അനുവദിക്കുകയോ ചെയ്തിരുന്നില്ല. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി

67 [1074] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല്ലന കുമാരകോടിയിലുള്ള ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തോന്നയ്ക്കൽ മാതൃകയിൽ പല്ലനയിലും വികസനപ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുമോ;

(സി) നേരത്തെ വിഭാവനം ചെയ്തിരുന്ന ബ്രിഡ്ജ് മ്യൂസിയം പല്ലനയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

തുഞ്ചൻ സ്മാരക ട്രസ്റ്റിലെ അംഗങ്ങൾ

68 [1075] ശ്രീ. പി. ടി. തോമസ്:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:
,, കെ. ബാബു:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly